2024
APRIL
17
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ




## 21,000 ഓഫിസുകളിൽ കെ ഫോൺ എത്തി; 10,000 വീടുകളിൽ ഉടനെത്തും

**തിരുവനന്തപുരം:** അതിവേഗ കണക്ഷനുകളുമായി കെ ഫോൺ പദ്ധതി മുന്നോട്ട്. പ്രായോഗിക പരിധിയിൽ ഉള്ള 28,888 കിലോമീറ്റർ ഫൈബറിൽ 96 ശതമാനം കേബിൾ ലൈയിങ് ഇതിനോടകം പൂർത്തിയായിക്കഴിഞ്ഞു. കാക്കനാട് പ്രവർത്തിക്കുന്ന നെറ്റ്‌വർക്ക് ഓപ്പറേറ്റിങ്ങ് സെൻറർ, തടസമില്ലാതെ സേവനം നൽകാൻ സഹായിക്കുന്ന 375 പോയിൻറ് ഓഫ് പ്രസൻസുകൾ എന്നിവയും പൂർണമായും പ്രവർത്തിക്കുന്നുണ്ട്. ഇൻറർനെറ്റ് ലീസ്ഡ് ലൈൻ, ഡാർക്ക് ഫൈബറുകളുടെ പാട്ടക്കരാർ, വീടുകളിലേക്കുള്ള വാണിജ്യ കണക്ഷൻ, സർക്കാർ ഓഫീസുകളിലേക്കുള്ള കണക്ഷൻ തുടങ്ങിയ പദ്ധതികളിലൂടെയാണ് കെ ഫോണിൻറെ പ്രവർത്തനം.

സംസ്ഥാനത്തെ 30,438 സർക്കാർ ഓഫീസുകളിലേക്ക് ഇൻറർനെറ്റ് കണക്റ്റിവിറ്റി നൽകാൻ കെ ഫോൺ ഷെഡ്യൂൾ ചെയ്തിരുന്നു. ഇത് നിലവിൽ 28,634 ഓഫീസുകളുമായി ബന്ധിപ്പിക്കുകയും 21,214 ഓഫീസുകളിൽ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. അവശേഷിക്കുന്നവ റോഡ് വികസനം, റെയിൽവേ, നാഷണൽ ഹൈവേ അതോറിറ്റി എന്നിവയുമായുള്ള പ്രശ്നങ്ങൾ തുടങ്ങിയ കാരണങ്ങളാലാണ് പൂർത്തീകരിക്കാൻ കഴിയാതെ വരുന്നതെന്നും കെ ഫോൺ വിശദീകരിക്കുന്നു. ഷെഡ്യൂൾ ചെയ്ത മുഴുവൻ സർക്കാർ ഓഫീസുകളിലും കണക്റ്റിവിറ്റി സ്ഥാപിക്കുന്നതോടെ ഇതിൽ നിന്നായി ആകെ 200 കോടി രൂപ ലഭിക്കുമെന്നാണ് പ്രതീക്ഷ. എല്ലാ സർക്കാർ ഓഫീസുകളിലുംസ്ഥാപനങ്ങളിലും കെ ഫോൺ സേവനം ഒരു പ്രാഥമിക കണക്ഷനായി നിർബന്ധമായും ലഭ്യമാക്കുകയും അതുവഴി ബാൻഡ് വിഡ്ത് ഉപയോഗത്തിൻറെ അടിസ്ഥാനത്തിൽ കെ ഫോൺ സമാഹരിക്കുന്ന ബില്ലുകൾ സമയബന്ധിതമായി അടയ്ക്കുകയും ചെയ്യണമെന്ന കർശനമായ നിർദ്ദേശം നൽകികൊണ്ട് സംസ്ഥാന സർക്കാർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

വീടുകളിലേക്ക് വാണിജ്യ കണക്ഷനുകൾ നൽകുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും അഞ്ചുലക്ഷം കണക്ഷനുകൾ നൽകുന്നതിനാവശ്യമായ സാങ്കേതിക സൗകര്യങ്ങളും സാധന സാമഗ്രികളും കെ ഫോൺ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ലഭ്യമായ അപേക്ഷകളിൽ നിന്ന് ആവശ്യക്കാരാണെന്ന് ഉറപ്പാക്കി ഇതുവരെ 5388 വീടുകളിലേക്ക് വാണിജ്യ കണക്ഷനുകൾ നൽകിക്കഴിഞ്ഞു. 5000ത്തോളം കണക്ഷനുകൾ നൽകുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

# ഛത്തിസ്ഗഢിൽ 29 മാവോയിസ്റ്റുകളെ ഏറ്റുമുട്ടലിൽ വധിച്ചു

**ന്യൂഡൽഹി:** മുതിർന്ന മാവോയിസ്റ്റ് നേതാവ് അടക്കം 29 പേരെ ഛത്തിസ്ഗഢിലെ ഏറ്റുമുട്ടലിൽ വധിച്ചു. കാംഗോർ ജില്ലയിൽ ചൊവ്വാഴ്ച സുരക്ഷാ സേനയുമായി ഉണ്ടായ ഏറ്റുമുട്ടലിൽ രണ്ടു സേനാംഗങ്ങൾക്കു പരുക്കേറ്റു. മുതിർന്ന നേതാവായ, തലയ്ക്ക് 25 ലക്ഷം വിലയിട്ടിരുന്ന ശങ്കർ റാവുവും മറ്റൊരു മുതിർന്ന നേതാവ് ലളിതയും ആണ് കൊല്ലപ്പെട്ടതെന്ന് പൊലീസ് അറിയിച്ചു. എകെ 47 ഉൾപ്പെടെയുള്ള ആയുധങ്ങളും പൊലീസ് പിടിച്ചെടുത്തു.



ഉച്ചയ്ക്ക് ഒന്നരയ്ക്കുശേഷമാണ് ഏറ്റുമുട്ടൽ തുടങ്ങിയത്. മാവോയിസ്റ്റ് ഭീഷണി നേരിടാനായി 2008ൽ പ്രത്യേകം രൂപീകരിച്ച ഡിസ്ട്രിക്ട് റിസർവ് ഗാർഡും ബിഎസ്എഫും സംയുക്തമായി നടത്തിയ ഏറ്റുമുട്ടലായിരുന്നു ഇന്നത്തേത്. ബിഎസ്എഫിൽനിന്ന് ഒരാൾക്കും ഡിആർജിയിൽനിന്ന് ഒരാൾക്കുമാണ് പരുക്കേറ്റത്. സിപിഐ മാവോയിസ്റ്റിന്റെ നോർത്ത് ബസ്തർ ഡിവിഷൻ ഡിവിഷനൽ കമ്മിറ്റി അംഗങ്ങളാണ് കൊല്ലപ്പെട്ട ശങ്കർ റാവുവും ലളിതയും.

കഴിഞ്ഞ മാസം ജില്ലയിൽ നടന്ന മറ്റൊരു ഏറ്റുമുട്ടലിൽ ഒരു മാവോയിസ്റ്റും ഒരു പൊലീസുകാരനും കൊല്ലപ്പെട്ടിരുന്നു. അന്നും തോക്കുകളും മറ്റ് സ്ഫോടക വസ്തുക്കളും പിടിച്ചെടുത്തിരുന്നു. കാംഗറിൽ ഫെബ്രുവരിയിൽ നടന്ന ഏറ്റുമുട്ടലിൽ മൂന്ന് മാവോയിസ്റ്റുകളെ സുരക്ഷാസേന വധിച്ചിരുന്നു.

കഴിഞ്ഞ വർഷം നവംബറിൽ നിയമസഭാ തിരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ടത്തിൽ സുരക്ഷാസേനയും മാവോയിസ്റ്റുകളും തമ്മിൽ ഇതേ ജില്ലയിൽ ഏറ്റുമുട്ടൽ നടന്നിരുന്നു. ഛത്തീസ്ഗഢിൽ വെള്ളിയാഴ്ച ലോക്സഭ തിരഞ്ഞെടുപ്പിലെ ആദ്യ ഘട്ട വോട്ടെടുപ്പ് നടക്കാനിരിക്കെയാണ് ഏറ്റുമുട്ടൽ.

# കയർ മേഖല പ്രതിസന്ധിയിൽ; ഉത്പാദകർ തമിഴ്നാട്ടിലേക്ക്

**കൊച്ചി:** പരമ്പരാഗത വ്യവസായ മേഖലയായ കയർ വ്യവസായം കടുത്ത പ്രതിസന്ധിയിൽ. ആഗോള വിപണിയിൽ ഏറെ സാധ്യതയുണ്ടെങ്കിലും കേരളത്തിലെ ചെറുകിട കയർ യൂണിറ്റുകളെല്ലാം നഷ്ടത്തിലാണ്. കയർഭൂവസ്ത്രത്തിന് വിദേശത്ത് ഏറെ ഡിമാൻറുണ്ടെങ്കിലും കേരളത്തിൽ ആവശ്യത്തിന് സ്റ്റോക്ക് പോലും ജിയോടെക്സ് ഉത്പാദകർക്ക് ലഭിക്കുന്നില്ല. കമ്യൂണിസ്റ്റ് പാർട്ടികളുടെ വളർച്ചയ്ക്ക് ഒരിക്കൽ വളക്കൂറായത് കയർ തൊഴിലാളികളായിരുന്നു. എന്നാൽ ഇന്ന് കമ്യൂണിസ്റ്റ് പാർട്ടികൾക്ക് പരമ്പരാഗത വ്യവസായ മേഖലയോട് പഴയ താത്പര്യമില്ലന്ന് ആലപ്പുഴയിലെ പരമ്പരാഗത കയർ തൊഴിലാളി കുടുംബങ്ങൾ തന്നെ പറയുന്നു.



സർക്കാർ അവഗണനയും വ്യവസായ സൗഹൃദമല്ലാത്ത നിലപാടുകളും കാരണം കേരളത്തിലെ കയറുത്പന്ന നിർമാതാക്കളെല്ലാം തമിഴ്നാട്ടിലേക്ക് കളം മാറ്റി. കയർ വ്യവസായ മേഖലയ്ക്ക് പ്രഖ്യാപനങ്ങൾ മാത്രമാണ് ഇവിടെ നടക്കുന്നത്. 75 കോടി രൂപയാണ് കേന്ദ്ര സർക്കാർ കയർ മേഖലയ്ക്കായി അനുവദിച്ചത്. ഇതിൽ അൻപത് കോടിയും ശമ്പളത്തിന് പോകും. ബാക്കി 25 കോടിയാണ് കയർ വ്യവസായ മേഖലയ്ക്ക് ലഭിക്കുന്നത്. അത് തന്നെ ഏതെങ്കിലും സമയത്ത് ലഭിച്ചാലായി എന്നതാണ് സ്ഥിതി.

തമിഴ്നാട് സർക്കാർ 3000 കോടി രൂപയാണ് കയർ മേഖലയ്ക്കായി അനുവദിക്കുന്നത്. ഒരു വർഷം 500 കോടിയാണ് ഈ മേഖല അടിസ്ഥാനസൗകര്യമൊരുക്കുന്നതിനായി ഇവർ ചെലവഴിക്കുന്നത്. കേരളത്തിലാകട്ടെ പ്രഖ്യാപിക്കുന്ന നാമമാത്ര തുക പോലും കിട്ടുന്നത് എപ്പോഴെങ്കിലും. കേരളത്തിലുണ്ടായിരുന്ന ഒട്ടുമിക്ക കയറ്റുമതിക്കാരും പ്രൊഡക്ഷൻ യൂണിറ്റ് തമിഴ്നാട്ടിലേക്ക് മാറ്റി. തൂത്തുക്കുടി, പൊള്ളാച്ചി, തേനി എന്നിവിടങ്ങളിലെല്ലാം കയർ നിർമാണ യൂണിറ്റുകൾ ഉണ്ട്. തമിഴ്നാട് പ്രതിനിധികൾ ഇവിടെ എത്തി വ്യവസായികളെ ക്ഷണിച്ചു കൊണ്ടുപോവുകയാണ്. കേരളത്തിലെ പോലെ വാഗ്ദാനങ്ങൾ മാത്രമല്ല സർക്കാരിൻറെ പൂർണ ലഭിക്കുന്നുമുണ്ട്.

കോയമ്പത്തൂരിൽ സ്ഥലം നൽകാം എന്നാണ് കയർ ഉത്പാദകർക്ക് തമിഴ്നാട് നൽകുന്ന ഉറപ്പ്. 50 സെൻറ് മുതൽ 500 ഏക്കർ വരെ സ്ഥലം കയർ വ്യവസായികൾക്ക് തമിഴ്നാട് നൽകും.

അഞ്ച് വർഷം വരെ തൊഴിലാളികളുടെ പി എഫ്, ഇ എസ് ഐ, ഗ്രാറ്റുവിറ്റി എല്ലാം സർക്കാർ നൽകും. തൊഴിൽ നൽകുക എന്നതാണ് തമിഴ്നാടിൻറെ അജണ്ട. കേരളത്തിൽ ആനുകൂല്യങ്ങൾ പലതുണ്ടെങ്കിലും വ്യവസായത്തിന് ഗുണകരമാകുന്നില്ല എന്നാണ് പ്രധാന പരാതി.





വൈറ്റില സിൽവർ സാന്റ് ഐലന്റിൽ ബോധാനന്ദ ഇന്റർനാഷണൽ ഫൗണ്ടേഷൻ ഫോർ ഇന്റർ റിലീജിയസ് ഡയലോഗ് (ആകഎകണ്ഠള.ബിഫ്രിഡ് ) സെന്ററിൽ ആരംഭിച്ച എച്ച്. കൃഷ്ണ വിജോയ് അറോറ മെമ്മോറിയൽ ലൈബ്രറിയുടെ ഉദ്ഘാടനം ചെയർമാൻ സ്വാമി ബോധാനന്ദ സരസ്വതികൾ ആദ്യപുസ്തകം ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ.അനിൽ ഫിലിപ്പ് സി.എം.ഐയ്ക്ക് കൈമാറി നിർവ്വഹിക്കുന്നു. ബിഫ്രിഡ് പ്രസിഡന്റ് ആർക്കിടെക്ട് പ്രൊഫ.ബി.ആർ.അജിത്ത് സമീപം.

# സംവാദത്തിലൂടെ മാത്രമേ സമൂഹ നന്മ സാധ്യമാകൂ : സ്വാമി ബോധാനന്ദ സരസ്വതി

**കൊച്ചി :** ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ ഈ കാലത്ത് സമൂഹ നന്മ സാധ്യമാകണമെങ്കിൽ തുറന്ന സംവാദത്തിനുള്ള വേദികൾ ആവശ്യമാണെന്ന് സ്വാമി ബോധാനന്ദ സരസ്വതി. ദൈവ വിശ്വാസം ഉള്ളവരും, ഇല്ലാത്തവരും, ഏക ദൈവ വിശ്വാസികളും ബഹുദൈവ വിശ്വാസികളും എല്ലാം ഉൾക്കൊള്ളുന്ന സമൂഹത്തിൽ തുറന്ന സംവാദങ്ങൾ ഫലപ്രദമാകണമെങ്കിൽ പുസ്തക വായനയിലൂടെ അവനവന്റെയും മറ്റൊരുവന്റെയും വ്യക്തിത്വം നഷ്ടപ്പെടുത്താതെയുള്ള അറിവ് സമ്പാദിക്കുകയും അവ പങ്കുവയ്ക്കപ്പെടുകയും ചെയ്യണമെന്നും അദ്ദേഹം പറഞ്ഞു. വൈറ്റില സിൽവർ സാന്റ് ഐലന്റിൽ ബോധാനന്ദ ഇന്റർനാഷണൽ ഫൗണ്ടേഷൻ ഫോർ ഇന്റർ റിലീജിയസ് ഡയലോഗ് (ആകഎകണ്ഠള.ബിഫ്രിഡ് ) സെന്ററിൽ ആരംഭിച്ച എച്ച്. കൃഷ്ണ വിജോയ് അറോറ മെമ്മോറിയൽ ലൈബ്രറിയുടെ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു സ്വാമി ബോധാനന്ദ സരസ്വതികൾ. മതമല്ല മതാത്മകതയാണ് നമ്മുക്കിന്ന് ആവശ്യമെന്ന് ചടങ്ങിൽ മുഖ്യ പ്രഭാഷണം നിർവ്വഹിച്ച ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ.അനിൽ ഫിലിപ്പ് സി.എം.ഐ പറഞ്ഞു. സ്നേഹത്തിന്റെയും ആത്മീയ ദർശനങ്ങളുടെയും വിത്തുകൾ ലോകാതിർത്തികൾ വരെ പാകിയ കേരളത്തിന്റെ രണ്ട് മക്കളാണ് ശങ്കരാചാര്യരും, ശ്രീനാരായണ ഗുരുവും. അവർ പകർന്നു നൽകിയ ആത്മീയ വെളിച്ചം ആഴത്തിലുള്ള വായനയിലൂടെയും, സംവാദത്തിലൂടെയും മാത്രമേ പൂർണ്ണതോതിൽ ഗ്രഹിക്കാൻ കഴിയുകയുള്ളുവെന്നും അദ്ദേഹം പറഞ്ഞു. ചടങ്ങിൽ ബിഫ്രിഡ് പ്രസിഡന്റ് ആർക്കിടെക്ട് പ്രൊഫ.ബി.ആർ.അജിത്ത്, സെക്രട്ടറി പി.എസ്.രാധാകൃഷ്ണൻ, ഡോ.പ്രതീക് സുധാകരൻ തുടങ്ങിയവർ പ്രസംഗിച്ചു.

# ഉത്തരവ് പാലിച്ചില്ലെങ്കിൽ വി.ഐ.പി ഡ്യൂട്ടി ബഹിഷ്കരിക്കും: കെ.ജി.എം.ഒ.എ

**കൊച്ചി:** നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരമുള്ള സൗകര്യങ്ങൾ ഒരുക്കിയില്ലെങ്കിൽ വി.ഐ.പി ഡ്യൂട്ടി പൂർണ്ണമായും ബഹിഷ്കരിക്കുമെന്ന് കേരള ഗവൺമെന്റ് മെഡിക്കൽ ഓഫീസേഴ്സ് അസ്സോസിയേഷൻ(കെ.ജി.എം.ഒ.എ).

വി. ഐ. പി ഡ്യൂട്ടിയുമായി ബന്ധപ്പെട്ട് മെഡിക്കൽ സംഘത്തിനുള്ള ദുരിതങ്ങൾക്ക് നാളിതുവരെ പരിഹാരം കണ്ടെത്താൻ ബന്ധപ്പെട്ടവർ തയ്യാറായിട്ടില്ല. നിലവിലെ ഉത്തരവ് പ്രകാരം മെഡിക്കൽ സംഘത്തിനുള്ള ഭക്ഷണം, വിശ്രമം ഉൾപ്പെടെയുള്ള അടിസ്ഥാന ആവശ്യങ്ങൾ പോലും നിരന്തരമായി നിഷേധിക്കപ്പെടുകയാണ്. പൊരിവെയിലത്ത് മണിക്കൂറുകളോളമാണ് വി.ഐ.പികളെയും കാത്ത് പാതയോരത്ത് കിടക്കേണ്ടിവരുന്നത്. അതിഥി തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിൽ കാണിക്കുന്ന ജാഗ്രത പോലും മെഡിക്കൽ സംഘത്തിന് അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിന് ജില്ലാ ഭരണാധികാരികൾ കാണിക്കുന്നില്ല. മെഡിക്കൽ സംഘം അനുഭവിക്കുന്ന ദുരിതങ്ങൾ ചൂണ്ടിക്കാണിക്കുമ്പോൾ അതിനു പരിഹാരം കാണാതെ നീതി നിഷേധം ചൂണ്ടിക്കാട്ടുന്ന ഡോക്ടർമാർക്കെതിരെ ജില്ലാ മെഡിക്കൽ ഓഫിസും നോഡൽ ഓഫിസറും അച്ചടക്ക നടപടിയുടെ വാളോങ്ങുകയാണ് ചെയ്യുന്നത്. സ്വകാര്യ ചടങ്ങുകൾക്കായി എത്തുന്ന വി.ഐപികൾ താമസിക്കുന്ന ഹോട്ടലുകളിൽ നിന്നും കിലോമീറ്ററുകൾക്കപ്പുറമുള്ള ഗസ്റ്റ് ഹൗസുകളിലാണ് ഇവർക്ക് അടിയന്തര വൈദ്യസഹായം ലഭ്യമാക്കാൻ നിയോഗിക്കപ്പെടുന്ന മെഡിക്കൽ സംഘത്തിന് താമസ സൗകര്യമൊരുക്കുന്നത്. ഇതിലെ അശാസ്ത്രീയത മെഡിക്കൽ ഓഫിസറെയും ജില്ലാ കലക്ടറെയും നിരവധി തവണ രേഖാമൂലം ബോധ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും നാളിതുവരെ നടപടിയുണ്ടായിട്ടില്ല. അശാസ്ത്രീയമായ ഇത്തരത്തിലുള്ള നടപടികൾ നിമിത്തം വി ഐ പികൾക്ക് എന്തെങ്കിലും അത്യാഹിതം സംഭവിച്ചാൽ അതിന്റെ പൂർണ ഉത്തരവാദിത്വം ജില്ലാ ഭരണാധികൾക്കായിരിക്കുമെന്നും കെ.ജി.എം.ഒ.എ എറണാകുളം ബ്രാഞ്ച് പ്രസിഡന്റ് ഡോ. മുഹമ്മദ് സലിം കെ.എ, സെക്രട്ടറി ഡോ. മിനു കൃഷ്ണൻ ജി എന്നിവർ പറഞ്ഞു.

## നിസാൻ ഓൾ സോളിഡ് സ്റ്റേറ്റ് ബാറ്ററി നിർമിക്കും

**കൊച്ചി:** 2028ഓടെ ഇലക്ട്രിക്ക് വാഹനങ്ങൾ പുറത്തിറക്കുന്നതിന്റെ ഭാഗമായി നിസാൻ ഓൾ സോളിഡ് സ്റ്റേറ്റ് ബാറ്ററി നിർമിക്കും. നിസാൻ അമ്പിഷൻ 2030 പദ്ധതിയുടെ ഭാഗമായി നിർമിക്കുന്ന ഓൾ സോളിഡ് ബാറ്ററിയുടെ പൈലറ്റ് ലൈൻ ജപ്പാനിലെ യോക്കോഹാമയിലെ പ്ലാന്റിൽ മാധ്യമങ്ങൾക്ക് മുന്നിൽ പ്രദർശിപ്പിച്ചു.ഇലക്ട്രിക്ക് വാഹനങ്ങളുടെ നിർമാണത്തിൽ സുപ്രധാന നാഴിക കല്ലാകുന്ന ഓൾ സോളിഡ് സ്റ്റേറ്റ് ബാറ്ററികൾക്ക് പരമ്പരാഗത ലിതിയം ഇയോൺ ബാറ്ററികളെക്കാൾ ഊർജ്ജ സാന്ദ്രത രണ്ടിരട്ടിയാണ്. ഇത് ചാർജിങ്ങ് സമയം കുറയ്ക്കാനും പ്രകടനം മെച്ചപ്പടുത്താനും വിലകുറയ്ക്കാനും സാധിക്കും. പിക്ക്അപ്പ് ട്രക്കുകൾ ഉൾപ്പടെ എല്ലാ വിധ വാഹനങ്ങളിലും ഓൾ സോളിഡ് സ്റ്റേറ്റ് ബാറ്ററി ഉപയോഗിക്കാൻ നിസാന് പദ്ധതിയുണ്ട്.

# നഗരവികസനം : ജോഷ് ടോക്ക്സിന്റെ സിറ്റി ചാമ്പ്യൻസ് 2024

**കൊച്ചി:** റീജ്യണൽ കണ്ടന്റ് & അപസ്കില്ലിങ് പ്ലാറ്റഫോമായ ജോഷ് ടോക്സ് സിറ്റി ചാമ്പ്യൻസ് 2024 ന്റെ പ്രഖ്യാപനം നടത്തി. സുസ്ഥിര നഗരവികസനത്തിനായി പ്രവർത്തിക്കുന്ന ഓർഗനൈസേഷനുകളെ പ്രോത്സാഹിപ്പിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്നതാണ് 2023ൽ തുടങ്ങിയ സിറ്റി ചാമ്പ്യൻസ്. ഒമിദ്യാർ നെറ്റ് വർക്ക് ഇന്ത്യയുടെ പിന്തുണയോടെ, പൊതു സുരക്ഷ, കാലാവസ്ഥാ പ്രവർത്തനം, ജലം, ശുചിത്വം, നഗരാസൂത്രണം, നഗര ക്ഷേമം, യുവജനശിശുക്ഷേമം, നഗര പൊതുഗതാഗതം, സുസ്ഥിര അടിസ്ഥാന സൗകര്യങ്ങൾ എന്നീ എട്ട് തീമാറ്റിക് മേഖലകളിലായി തിരഞ്ഞെടുത്ത സംഘടനകളെ തിരിച്ചറിയാനും ഈ പ്രോഗ്രാം ലക്ഷ്യമിടുന്നു. ഐഐഎം കൽക്കട്ട ഇന്നൊവേഷൻ പാർക്ക് പങ്കാളിത്തത്തോടെ 12 ആഴ്ച കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമിലൂടെ മെച്ചപ്പെടുത്തിയ കഴിവുകൾ, വിപണി സന്നദ്ധത, നിക്ഷേപ സന്നദ്ധത, ത്വരിതപ്പെടുത്തിയ വളർച്ചയും വിപുലീകരണവും എന്നിവയുള്ള 16 ഇംപാക്ട് ഡ്രൈവ് ഓർഗനൈസേഷനുകളെ ശാക്തീകരിക്കാൻ സിറ്റി ചാമ്പ്യൻസ് 2024 സജ്ജീകരിച്ചിരിക്കുന്നു.സിറ്റി ചാമ്പ്യൻസ് കഴിഞ്ഞ വർഷം 121 നഗരങ്ങളിലായി 3 ദശലക്ഷത്തിലധികം ആളുകളിലേക്ക് എത്തി, ഈ വർഷം കൂടുതൽ ആളുകളിലേക്ക് എത്തുമെന്നാണ് പ്രതീക്ഷയെന്ന് ജോഷ് ടോക്സിന്റെ സി.ഇ.ഒയും സഹസ്ഥാപകയുമായ സുപ്രിയ പോൾ പറഞ്ഞു.എല്ലാ പൗരന്മാർക്കും താമസയോഗ്യവും സുസ്ഥിരവും സുരക്ഷിതവുമായ നഗരങ്ങൾ നിർമ്മിക്കാനുള്ള ഞങ്ങളുടെ പ്രതിബദ്ധതയുടെ തെളിവാണ് ഈ സംരംഭം. ഇതിലൂടെ, സോഷ്യൽ ഓർഗനൈസേഷനുകൾക്ക് അവരുടെ പരിശ്രമങ്ങൾ ഫലപ്രദമായി അളക്കുന്നതിനും ശാശ്വതമായ സ്വാധീനം സൃഷ്ടിക്കുന്നതിനും ആവശ്യമായ ഉപകരണങ്ങളും വിഭവങ്ങളും നൽകാൻ ലക്ഷ്യമിടുന്നുവെന്നും സുപ്രിയ പോൾ പറഞ്ഞു.സിറ്റി ചാമ്പ്യൻസ് 2024ന് ലഭിക്കുന്ന ഓരോ അപേക്ഷയ്ക്കും ഒരു മരം നട്ടുപിടിപ്പിക്കാൻ പ്രശസ്തി ഫോറസ്റ്റ് ഫൗണ്ടേഷനുമായി ജോഷ് ടോക്ക്സ് സഹകരിക്കും.

അപേക്ഷിക്കാൻ താൽപ്പര്യമുള്ള ഓർഗനൈസേഷനുകൾക്ക് വിശദാംശങ്ങൾ പരിശോധിച്ച് അപേക്ഷാ ഫോം ജോഷ് ടോക്സ് വെബ്സൈറ്റിൽ ( www.joshtalks.com/ctiychampions/) നിന്നും ഡൌൺലോഡ് ചെയ്യാം. അപേക്ഷകൾ 2024 മെയ് 20 വരെ സ്വീകരിക്കും.

# ഇൻഡിബ്രീസ് എയർ കൂളറുകൾ അവതരിപ്പിച്ച് ക്രോംപ്ടൺ

**കൊച്ചി:** വ്യാവസായിക ആവശ്യങ്ങൾക്കായി പുതിയ ഇൻഡിബ്രീസ് കൂളർ നിര പുറത്തിറക്കി ക്രോംപ്ടൺ ഗ്രീവ്സ് കൺസ്യൂമർ ഇലക്ട്രിക്കത്സ് ലിമിറ്റഡ്.

95 ലിറ്റർ, 135 ലിറ്റർ കപ്പാസിറ്റികളിൽ ലഭ്യമായ വ്യാവസായിക നിലവാരത്തിൽപ്പെട്ട കൂളറുകൾ ഫാക്ടറികൾ, വെയർഹൗസുകൾ, റസ്റ്റോറന്റുകൾ, വലിയ ലോബി പോലുള്ള വലിപ്പമുള്ള തുറസ്സായ ഇടങ്ങളിൽ യോജിക്കുന്ന രീതിയിൽ പ്രത്യേകം രൂപം നൽകിയിട്ടുള്ളവയാണ്. ഹൈഡെൻസിറ്റി ഹണികോമ്പ് പാഡുകളും 17 ഇഞ്ച് മെറ്റൽ ഫാൻ ബ്ലെയ്ഡുമുള്ള ഇൻഡിബ്രീസ് 95 മണിക്കൂറിൽ 6500എം3 കരുത്തുള്ള വായു സഞ്ചാരം നൽകുന്നു. 20 ഇഞ്ച് മെറ്റൽ ഫാൻ ബ്ലെയ്ഡ് മണിക്കൂറിൽ 9,000എം3 വായുസഞ്ചാരം നൽകുന്നതാണ് ഇൻഡിബ്രീസ് 135. രണ്ട് മോഡലുകളിലും ഡബിൾ ബയറിങ്ങ് മോട്ടോർ വരുന്നു.പരമ്പരാഗത ലോഹ കൂളറുകൾ ചെലവ് കുറഞ്ഞവയാണെങ്കിൽ പോലും വലിയ തുറസ്സായ സ്ഥലങ്ങളിൽ ഫലപ്രദമാംവിധം കൂളിങ്ങ് ലഭ്യമാക്കുവാൻ അത് പ്രയാസപ്പെടാറുണ്ട്.

അതിനാൽ, ഇൻഡിബ്രീസ് കൂളർ നിര ഈ വേനൽക്കാലത്ത് അതിവേഗ കൂളിങ്ങ് ലഭ്യമാക്കുവാനും താങ്ങാനാവുന്ന വിലയിലും ദീർഘകാല നീണ്ടു നിൽപ്പും ഊർജ്ജക്ഷമതാ സവിശേഷതകളും എല്ലാം ഉൾക്കൊളിച്ച് രൂപകൽപ്പന ചെയ്തതാണ് എന്ന് ക്രോംപ്ടൺ ഗ്രീവ്സ് കൺസ്യൂമർ ഇലക്ട്രിക്കത്സ് ലിമിറ്റഡിന്റെ ബിസിനസ് ഹെഡ്ഡ് മൽഹർ വാദ്കെ പറഞ്ഞു. ഇൻഡിബ്രീസ് നിരയിലുള്ള എയർ കൂളറുകൾ ക്രോംപ്ടണിന്റെ ചില്ലറ വ്യാപാര സ്റ്റോറുകളിൽ നിന്നും ഇകൊമേഴ്സ് ചാനലുകളിലൂടേയും 25,000 രൂപ മുതൽ 29,000 രൂപ വരെയുള്ള വിലകളിൽ ലഭ്യമാണെന്നും അദ്ദേഹം പറഞ്ഞു.

# അരിസോ വയേഴ്സ് അവതരിപ്പിച്ച് വിഗാർഡ്




**കൊച്ചി:** മുൻനിര ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഗൃഹോപകരണ നിർമ്മാതാക്കളായ വിഗാർഡ് ഇൻഡസ്ട്രീസ്, ഇലക്ട്രിക്കൽ വയറിങ് രംഗത്ത് സുരക്ഷിതത്വത്തിന്റേയും സുസ്ഥിരതയുടേയും ഉയർന്ന മാനദണ്ഡങ്ങൾ പാലിക്കുന്ന അരിസോ വയേഴ്സ് അവതരിപ്പിച്ചു. ചൂട് വർധനയെ പ്രതിരോധിക്കുന്ന മികച്ച സീറോഹാലജൻ ലോ സ്മോക് ഗുണമേന്മയോടെ അത്യാധുനിക ഇബീം സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് അരിസോ വയേഴ്സ് നിർമ്മിക്കുന്നത്. 1ിഗാർഡ് ഇൻഡസ്ട്രീസ് മാനേജിങ് ഡയറക്ടർ മിഥുൻ കെ ചിറ്റിലപ്പിള്ളി പറഞ്ഞു.

പരമ്പരാഗത എഫ്ആർ പിവിസി വയേഴ്സ്നെ അപേക്ഷിച്ച് 75 ശതമാനം കൂടുതൽ വൈദ്യുത വാഹക ശേഷി അരിസോ വയേഴ്സിനുണ്ട്. 90 ഡിഗ്രി സെൽഷ്യസ് ഉയർന്ന താപനിലയിൽ തുടർച്ചയായി പ്രവർത്തിക്കാനുള്ള താപ പ്രതിരോധ ശേഷിയും ഇവയ്ക്കുള്ളതിനാൽ ഷോർട് സർക്യൂട്ട്, അഗ്നിബാധ, ഇലക്ട്രിക്ക് വയറിന്റെ ഉരുകൽ പോലുള്ള അപകടങ്ങളിൽ നിന്ന് വീടുകൾക്കും വ്യാപാര കെട്ടിടങ്ങൾക്കും മികച്ച സുരക്ഷയും ഇതുറപ്പാക്കുന്നു.ലെഡ് ഇല്ലാത്തതും ആരോഗ്യത്തിന് മാരകഹാനിയുണ്ടാക്കാത്തതുമായ അസംസ്കൃത വസ്തുക്കളാണ് അരിസോ വയേഴ്സ്ന്റെ നിർമാണത്തിൽ ഉപയോഗിച്ചിരിക്കുന്നത്. കർശനമായ ആർ ഒ എച്ച് എസ്, ആർ ഇ എ സി എച്ച് മാനദണ്ഡങ്ങൾ പ്രകാരമാണ് നിർമാണം.

അഗ്നിബാധ പോലുള്ള അപകടങ്ങളുണ്ടായാൽ ഇൻസുലേഷനിൽ നിന്നും വിഷ വാതകങ്ങൾ പുറത്തു വരില്ല എന്നതിനാൽ ഇക്കോ ഫ്രണ്ട്‌ലിയും സുരക്ഷിതവുമാണ്.ഉയർന്ന ചാലകശേഷി നൽകുന്നതിന് 99.97 ശതമാനം ശുദ്ധമായ കോപ്പർ ഉപയോഗിച്ച് നിർമ്മിച്ച അരിസോ വയേഴ്സിന് പ്രശസ്തമായ സി ഇ അടക്കമുള്ള ദേശീയ, രാജ്യാന്തര ഗുണമേന്മാ അംഗീകാരങ്ങളുമുണ്ട്. എലികൾ പോലുള്ള ജീവികളുടെ ആക്രമണങ്ങളെ പ്രതിരോധിക്കാനുള്ള ഉറപ്പിലും കരുത്തിലുമാണ് പുറംപാളി നിർമ്മിച്ചിരിക്കുന്നത്. എല്ലാ കാലാവസ്ഥയിലും മികച്ച പ്രവർത്തനക്ഷമത ഉറപ്പുനൽകുന്ന ഇവയ്ക്ക് ദീർഘകാല ഉപയോഗക്ഷമതയുമുണ്ട്.

വൈദ്യുത സുരക്ഷയുടെയും സുസ്ഥിരതയുടെയും കാര്യത്തിൽ വിപണിയിലെ അവസാന വാക്കായി അരിസോ വയേഴ്സ് മാറുമെന്ന് ഉറപ്പുണ്ടെന്നും മിഥുൻ കെ ചിറ്റിലപ്പിള്ളി പറഞ്ഞു.ഇന്ത്യയിലെ ഹൗസിങ് വയേഴ്സ്, കേബിൾ വിപണി 9 മുതൽ 10 ശതമാനം വരെ വളർച്ചയോടെ 2200025000 കോടി രൂപയിലെത്തുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. ഈ വളർച്ചയോടൊപ്പം സുസ്ഥിരതയ്ക്ക് മുൻതൂക്കം നൽകുന്ന ഇക്കോഫ്രണ്ട്‌ലി ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ ഡിമാൻഡിലും വൻ വർധനയാണ് പ്രതീക്ഷിക്കുന്നത്.



15-ാമത് CIDC (കൺസ്ട്രക്ഷൻ ഇൻഡസ്ട്രി ഡവലപ്മെന്റ് കൗൺസിൽ) വിശ്വകർമ്മ അവാർഡ് 2024-ന്റെ ബെസ്റ്റ് കൺസ്ട്രക്ഷൻ വിഭാഗം അവാർഡ് (വർമ്മ ബൊഗേയ്ൻ ഹൈറ്റ്സ് പർപ്പിൾ) ഡോ. മിനി വർമ്മയ്ക്ക് (ഡയറക്ടർ, വർമ്മ ഹോംസ്) ഡോ. പി എസ് റാണ (ചെയർമാൻ, CIDC), ശ്രീ. യോഗേഷ് ഖൈർനർ (പ്രസിഡന്റ്-സെയിൽസ് & മാർക്കറ്റിംഗ്, JSW) എന്നിവർ ചേർന്ന് നൽകുന്നു. കൺസ്ട്രക്ഷനിലെ മികവ് പരിഗണിച്ചാണ് ഇന്ത്യാ ഗവൺമെന്റ് പ്ലാനിംഗ് കമ്മീഷനും നിർമ്മാണ വ്യവസായ മേഖലയും ചേർന്ന് ഈ അവാർഡ് നൽകിയത്.

# ടെക്സെൻസുമായി ഇൻഫോപാർക്ക്

**കൊച്ചി:** ഐടി കമ്പനികൾക്ക് വ്യവസായലോകത്തെക്കുറിച്ചുള്ള ഉൾക്കാഴ്ച നൽകുന്നതിന് ടെക്സെൻസ് പരിപാടിയുമായി ഇൻഫോപാർക്ക്. ഏപ്രിൽ 18ന് ഇൻഫോപാർക്ക് കൊച്ചി ഫേസ് വണ്ണിലെ തപസ്യ ഓഡിറ്റോറിയത്തിൽ രാവിലെ 10 മുതൽ ഒരുമണിവരെയാണ് പരിപാടി.മാറി വരുന്ന ലോകത്തിൽ നവീന വ്യവസായ ശീലങ്ങളെക്കുറിച്ചറിയുന്നതിനും വ്യവസായ പ്രമുഖരുമായി ആശയവിനിമയം നടത്തുന്നതിനുമാണ് ഇൻഫോപാർക്ക് ടെക്സെൻസ് ഒരുക്കുന്നത്. ഇൻഡ്ഒറിയൻറ് ഫിനാൻഷ്യൽ സർവീസസിൻറ എംഡിയും സിഇഒയുമായ സൗമ്യ പഥി, സ്റ്റാർട്ടപ്പ് ഡിവിഷൻറെ മേധാവി സിജു നാരായണൻ എന്നിവർ വളർച്ചാ മൂലധനത്തിനുള്ള പാത (ദി പാത്ത് ടു സെക്യുർ ഗ്രോത്ത് ക്യാപിറ്റൽ) എന്ന വിഷയത്തിൽ സംസാരിക്കും.ചെറുകിട സംരംഭങ്ങളിലേക്ക് നിക്ഷേപം ആകർഷിക്കുന്നതിനുള്ള പരമ്പരാഗതേതര രീതികൾ (നോൺ കൺവെൻഷണൽ അവന്യൂസ് ഓഫ് ഫണ്ട് റെയ്സിംഗ് ആൻഡ് വാല്യു ക്രിയേഷൻ എസ്എംഈസ്) എന്ന വിഷയത്തിൽ നാഷണൽ സ്റ്റോക് എക്സ്ചേഞ്ച് ഓഫ് ഇന്ത്യ (എൻഎസ്ഇ) യിലെ സീനിയർ മാനേജർ ഹിമാൻഷു ശ്രീവാസ്തവ ക്ലാസ് നയിക്കും. താത്പര്യമുള്ളവർക്ക് https://forms.gle/DtcLSJ2E8xr9VmGa8 എന്ന ലിങ്കിലൂടെയോ താഴെ കൊടുത്തിരിക്കുന്ന ക്യു ആർ കോഡ് സ്കാൻ ചെയ്തോ സൗജന്യമായി പരിപാടിയ്ക്ക് രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്കായി commuication@infopark.in എന്ന ഇമെയിൽ വിലാസത്തിലോ, +919446103143 എന്ന നമ്പറിലോ ബന്ധപ്പെടാം.




# ആക്സിസ് ബാങ്ക് ഷോപ്പേഴ്സ് സ്റ്റോപ്പ് കോബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് പുറത്തിറക്കി

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ സ്വകാര്യ ബാങ്കുകളിലൊന്നായ ആക്സിസ് ബാങ്ക് മുൻനിര പ്രീമിയം ഫാഷൻ, ബ്യൂട്ടി, ഗിഫ്റ്റിങ് സ്ഥാപനമായ ഷോപ്പേഴ്സ് സ്റ്റോപ്പുമായി സഹകരിച്ച് ആക്സിസ് ബാങ്ക് ഷോപ്പേഴ്സ് സ്റ്റോപ്പ് കോബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് പുറത്തിറക്കി.

ഓൺലൈൻ, ഓഫ്ലൈൻ ഷോപ്പിങ്ങുകളിൽ മികച്ച അനുഭവങ്ങളാവും ഈ കാർഡ് പ്രദാനം ചെയ്യുകയെന്ന് ആക്സിസ് ബാങ്ക് കാർഡ്സ് ആൻറ് പെയ്മെൻറ്സ് വിഭാഗം മേധാവിയും പ്രസിഡൻറുമായ സഞ്ജീവ് മോഘെ പറഞ്ഞു. ഉയർന്ന ഷോപ്പിങ് റിവാർഡുകൾ, ഇന്ധന സർചാർജ് ഇളവ്, ഡൈനിങ് പ്രിവിലേജുകൾ തുടങ്ങിയ നിരവധി ആനുകൂല്യങ്ങളാവും കാർഡ് ഉടമകൾക്കു ലഭിക്കുക. ഷോപ്പേഴ്സ് സ്റ്റോപ്പ് ഫസ്റ്റ് സിറ്റിസൺ ക്ലബ് ഗോൾഡൻ ഗ്ലോ കോംപ്ലിമെൻററി മെമ്പർഷിപ്പ്, ഷോപേഴ്സ് സ്റ്റോപ്പിലെ ചെലവഴിക്കലുകൾക്ക് 20 ഫസ്റ്റ് സിറ്റിസൺ പോയിൻറുകൾ വരെ, കാലാവധി തീരാത്ത ഫസ്റ്റ് സിറ്റിസൺ പോയിൻറുകൾ, ഈസി ഡൈനറുമായി ചേർന്ന് പ്രതിമാസം 500 രൂപ വരെ വരുന്ന 15 ശതമാനം തൽക്ഷണ ഇളവ്, 400 രൂപ മുതൽ 5000 രൂപ വരെയുള്ള ഇടപാടുകൾക്ക് സ്റ്റേറ്റ്മെൻറ് മാസത്തിൽ 400 രൂപ വരെയെന്ന നിലയിൽ 1 ശതമാനം ഇന്ധന സർചാർജ് ഇളവ് തുടങ്ങിയ ആനുകൂല്യങ്ങളും കാർഡ് ഉടമകൾക്കു ലഭിക്കും.പുതിയ ഉപഭോക്തൃ മേഖലകളിലേക്ക് എത്താനും അവരുടെ ഉയർന്നു വരുന്ന ആവശ്യങ്ങൾ നിറവേറ്റാനുമായുള്ള തുടർച്ചയായ ശ്രമങ്ങളാണു തങ്ങൾ നടത്തുന്നതെന്ന് ആക്സിസ് ബാങ്ക് കാർഡ്സ് ആൻറ് പെയ്മെൻറ്സ് വിഭാഗം മേധാവിയും പ്രസിഡൻറുമായ സഞ്ജീവ് മോഘെ പറഞ്ഞു. തങ്ങളുടെ മൂല്യങ്ങളും ശ്രദ്ധാമേഖലകളും പങ്കു വെക്കുന്ന ഷോപ്പേഴ്സ് സ്റ്റോപ്പ് ബ്രാൻഡുമായി സഹകരിക്കാൻ കഴിഞ്ഞതിൽ ആഹ്ളാദമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.






# ബിസിനസിലെ തുടർ യാത്രയുടെ ഭാഗമാണ് വിജയവും പരാജയവും

**കൊച്ചി:** വിജയമെന്നത് ഒരു പോയിന്റിൽ അവസാനിക്കുന്ന ഒന്നല്ലെന്നും തുടർ യാത്രയുടെ ഭാഗമാണെന്നും ബ്ലൂഡോട്ട് ചാർട്ടേർഡ് ആന്റ് ആംബുലൻസ് ഗ്രൂപ്പ് സി ഇ ഒ നിജിൽ ഇബ്രാഹിംകുട്ടി പറഞ്ഞു.

കേരള മാനേജ്മെന്റ് അസോസിയേഷന്റെ ലീഡേഴ്സ് ഇൻസൈറ്റ് ലക്ചർ സീരിസിൽ വിജയത്തിലേക്കുള്ള ചവിട്ടുപടിയാണ് പരാജയം എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭാവിയിൽ എന്താണ് സംഭവിക്കുക എന്ന കാര്യം ആലോചിച്ച് ആശങ്കപ്പെടേണ്ടതില്ല. വിജയം മാത്രമല്ല പരാജയവും ഒരു പോയിന്റിൽ അവസാനിക്കുന്നതല്ല. പരാജയമാണ് പലപ്പോഴും മറ്റേതു തരത്തിൽ പഠിക്കുന്നതിനേക്കാളും മികച്ച രീതിയിൽ യാഥാർഥ്യത്തെ കുറിച്ച് ബോധമുണ്ടാക്കുകയും വിജയത്തിലേക്കുള്ള പാതയൊരുക്കുകയും ചെയ്യുക. ഓരോ പരാജയത്തിന് ശേഷവും കൂടുതൽ പരിശ്രമിക്കുകയും അത് വിജയത്തിലേക്ക് നയിക്കുകയും ചെയ്യുമെന്നും തന്റെ അനുഭവങ്ങൾ വിശദീകരിച്ച് നിജിൽ ഇബ്രാഹിംകുട്ടി പറഞ്ഞു.

കോവിഡ് പോലുള്ള അപ്രതീക്ഷിത സാഹചര്യങ്ങളില്ലെങ്കിൽ അടിസ്ഥാനം കൃത്യമാക്കിയ ബിസിനസുകൾ പരാജയപ്പെടാനുള്ള സാധ്യത കുറവാണെന്നും അദ്ദേഹം പറഞ്ഞു.

എല്ലാറ്റിനുമുപരി ദൈവം നൽകുന്ന ഭാഗ്യം കൂടിയുണ്ടായാൽ ഏത് ബിസിനസും വിജയത്തിലേക്കെത്തുമെന്നും അദ്ദേഹം പറഞ്ഞു. കേരള മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ് എ ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് കെ ഹരികുമാർ സ്വാഗതവും ഹോണററി സെക്രട്ടറി ദിലീപ് നാരായണൻ നന്ദിയും പറഞ്ഞു.




# യശ്വന്ത് ഷേണായിയെ ആദരിച്ചു

**കൊച്ചി:**കേരള ഹൈക്കോർട്ട് അഡ്വക്കേറ്റ്സ് അസ്സോസിയേഷൻ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ഇടപ്പള്ളി അൽഅമീൻ പബ്ലിക് സ്കൂൾ പൂർവ്വ വിദ്യാർത്ഥി അഡ്വ.യശ്വന്ത് ഷേണായിയെ പൂർവ്വ വിദ്യാർത്ഥികളുടെ ആഭിമുഖ്യത്തിൽ സ്കൂൾ അങ്കണത്തിൽ വച്ച് ആദരിച്ചു. അൽഅമീൻ പബ്ലിക് സ്കൂളിൽ നിന്നും പഠനം പൂർത്തിയാക്കി ലോകത്തിൻറെ നാനാ ഭാഗങ്ങളിലായി സേവനം ചെയ്യുന്ന എണ്ണായിരത്തിൽ പരം അംഗങ്ങളുടെ പൂർവ്വവിദ്യാർത്ഥി സംഘടനയുടെ ആഭിമുഖ്യത്തിലും കൂടിയാണ് ആദരിക്കൽ ചടങ്ങ് സംഘടിപ്പിച്ചത്.അൽഅമീൻ സിൽവർ ജൂബിലി ഹാളിൽ നടന്ന ചടങ്ങിൽ സ്കൂൾ മാനേജരും കേരള സി.ബി.എസ്.ഇ സ്കൂൾ മാനേജ്മെൻറ് അസോസിയേഷൻ പ്രസിഡൻറുമായ അഡ്വ. ടി.പി.എം.ഇബ്രാഹിം ഖാൻ പുരസ്കാരം നൽകി. അൽഅമീൻ പബ്ലിക് സ്കൂളിൽ സേവനം പൂർത്തിയാക്കി പിരിഞ്ഞു പോകുന്ന അദ്ധ്യാപകർക്കും, അനദ്ധ്യാപക സ്റ്റാഫിനും ചടങ്ങിൽ പുരസ്കാരം സമ്മാനിച്ചു. പ്രിൻസിപ്പാൾ സുജാത എസ്, വൈസ് പ്രിൻസിപ്പാൾ ഗീതാ മോഹൻ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ടി.എസ്.മജീദ്, അൽഅമീൻ പൂർവ്വ വിദ്യാർത്ഥി സംഘടനാ പ്രസിഡൻറ് സലിൽ മൊയ്തീൻ, ജനറൽ സെക്രട്ടറി .സി.എം ഷെമീന തുടങ്ങിയവർ സംസാരിച്ചു.

# മോത്തിലാൽ ഓസ്വാൾ ഫിനാൻഷ്യൽ കടപ്പത്രങ്ങൾ പുറത്തിറക്കുന്നു

**കൊച്ചി:** മോത്തിലാൽ ഓസ്വാൾ ഫിനാൻഷ്യൽ സർവീസ് ലിമിറ്റഡ് 1,000 രൂപ മുഖവിലയുള്ള, ഈടുള്ള, വീണ്ടെടുക്കാവുന്ന നോൺകൺവേർട്ടിബിൾ കടപ്പത്രങ്ങളുടെ പൊതു പുറപ്പെടുവിക്കൽ ആരംഭിക്കുന്നതായി പ്രഖ്യാപിച്ചു. 24 മാസം, 36 മാസം, 60 മാസം, 120 മാസം എന്നിങ്ങനെ വാർഷിക, പ്രതിമാസ, മെച്യൂരിറ്റി പലിശ ഓപ്ഷനുകളുള്ള നിർദിഷ്ട കൂപ്പണുകൾ ഉൾക്കൊള്ളുന്ന എട്ട് സീരീസ് എൻസിഡികളുണ്ട്. എൻസിഡികളുടെ പ്രതിവർഷ ഇഫക്റ്റീവ് യീൽഡ് 8.85% മുതൽ 9.70% വരെയാണ്. പുറപ്പെടുവിക്കൽ 2024 ഏപ്രിൽ 23ന് ആരംഭിച്ച് 2024 മെയ് 7ന് അവസാനിക്കും.

ഈ പുറപ്പെടുവിക്കലിലൂടെ സമാഹരിക്കുന്ന ഫണ്ടിന്റെ 75% എങ്കിലും പ്രവർത്തന മൂലധന ആവശ്യകതകൾ നിറവേറ്റുന്നതിനും നിലവിലുള്ള ബാധ്യതകളുടെ തിരിച്ചടവിനും വേണ്ടി ഉപയോഗിക്കും. ബാക്കി തുക, കാലാകാലങ്ങളിൽ ഭേദഗതി ചെയ്ത സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (ഇഷ്യൂ ആൻഡ് ലിസ്റ്റിംഗ് ഓഫ് നോൺ കൺവേർട്ടിബിൾ സെക്യൂരിറ്റീസ്) റെഗുലേഷൻസ്, 2021 ('സെബി എൻസിഎസ് റെഗുലേഷൻസ്') പ്രകാരം, ഈ പുറപ്പെടുവിക്കലിലൂടെ സമാഹരിക്കുന്ന തുകയുടെ 25% കവിയാതെ പൊതു കോർപ്പറേറ്റ് ആവശ്യങ്ങൾക്കായി വിനിയോഗിക്കുമെന്ന് കമ്പനി അധികൃതർ അറിയിച്ചു.ട്രസ്റ്റ് ഇൻവെസ്റ്റ്മെന്റ് അഡ്വൈസേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, നുവാമ വെൽത്ത് മാനേജ്മെന്റ് ലിമിറ്റഡ്, മോത്തിലാൽ ഓസ്വാൾ ഇൻവെസ്റ്റ്മെന്റ് അഡ്വൈസേഴ്സ് ലിമിറ്റഡ് എന്നിവരാണ് ഈ പുറപ്പെടുവിക്കലിന്റെ ലീഡ് മാനേജർമാർ. പ്രസ്തുത എൻസിഡികൾ ബിഎസ്ഇയിലും എൻഎസ്ഇയിലും ലിസ്റ്റ് ചെയ്യും. ബിഎസ്ഇ, എൻഎസ്ഇ എന്നിവയിൽ നിന്ന് കമ്പനിക്ക് തത്വത്തിലുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ പുറപ്പെടുവിക്കലിന്റെ ആവശ്യങ്ങൾക്കായി, ബിഎസ്ഇ നിയുക്ത സ്റ്റോക്ക് എക്സ്ചേഞ്ച് ആയിരിക്കുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.



# പേര് ശ്രീരാമൻ ; നോവൽ പ്രകാശനം ചെയ്തു

**കൊച്ചി:** സേതു നാഥ് പ്രഭാകറിന്റെ പേര് ശ്രീരാമൻ എന്ന നോവലിന്റെ പ്രകാശനം നടന്നു. എറണാകുളം പ്രസ് ക്ലബ്ബിൽ നടന്ന ചടങ്ങിൽ നോവലിസ്റ്റ് ടി ഡി രാമകൃഷ്ണനൻ, ചലച്ചിത്ര സംവിധായകൻ ജിയോ ബേബി എന്നിവരാണ് പ്രകാശനം നടത്തിയത്. കവി ശ്രീജിത്ത് അരിയല്ലൂർ ആമുഖ പ്രഭാഷണം നടത്തി., എഴുത്തു കാരനായ ടി ഡി

രാമകൃഷ്ണനിൽ നിന്നും ജിയോ ബേബി പുസ്തകം ഏറ്റുവാങ്ങി.എഴുത്തുകാരനും ചിത്രകാരനുമായ സേതു നാഥ് പ്രഭാകറിന്റെ രണ്ടാമത്തെ നോവലാണ് 'പേര് ശ്രീരാമൻ'...!ആദ്യ നോവലായ 'ഭ്രൂണം'2001ൽ പ്രസിദ്ധീകരിച്ചിരുന്നു.

# എസ്ബിഐ ലൈഫ് ഐഡിയേഷൻ എക്സ് അവതരിപ്പിച്ചു

**കൊച്ചി:** രാജ്യത്തെ എറ്റവും വിശ്വസനീയമായ സ്വകാര്യ ലൈഫ് ഇൻഷൂറൻസ് സ്ഥാപനങ്ങളിൽ ഒന്നായ എസ്ബിഐ ലൈഫ് ഇൻഷൂറൻസ് ഐഡിയേഷൻഎക്സിന്റെ ഒന്നാം പതിപ്പ് അവതരിപ്പിച്ചു.

ഉപഭോക്താക്കളുടെ ഉയർന്നു വരുന്ന ആവശ്യങ്ങൾക്ക് അനുസരിച്ചുള്ള പുതുമയുള്ളതും പരമ്പരാഗത രീതിയിലുള്ളതല്ലാത്തതുമായ ലൈഫ് ഇൻഷൂറൻസ് പദ്ധതികളെ കുറിച്ചു ചിന്തിക്കാൻ ബി സ്ക്കൂളുകളിൽ നിന്നുള്ള ഭാവി ലീഡർമാരെ പ്രോൽസാഹിപ്പിക്കുന്നതിനുള്ള നവീന സംവിധാനമാണ് ഈ നീക്കം. അതിലൂടെ ഇന്ത്യയുടെ ലൈഫ് ഇൻഷൂറൻസ് മേഖലയിൽ മാറ്റങ്ങളും സൃഷ്ടിക്കും

# ബംഗളൂരുവിൽ പുതിയ സ്പെയർ പാർട്സ് വെയർഹൗസ് സ്ഥാപിക്കാനൊരുങ്ങി ഹോണ്ട

**ബംഗളൂരു:** ഹോണ്ട ബംഗളൂരുവിനടുത്തുള്ള ദൊഡ്ഡബല്ലാപുരയിൽ സ്ഥാപിക്കുന്ന അത്യാധുനിക സ്പെയർ പാർട്സ് വെയർഹൗസിന്റെ തറക്കല്ലിടൽ ചടങ്ങ് കഴിഞ്ഞ ദിവസം നടന്നു.ബംഗളൂരു ഇന്റർനാഷണൽ എയർപോർട്ട്, ബെംഗളൂരു സിറ്റി റീജിയൺ, ഹോണ്ട 2 വീലേഴ്സ് നിർമ്മാണ പ്ലാന്റ് എന്നിവയ്ക്ക് സമീപത്തായി ബംഗളൂരുവിലെ ദൊഡ്ഡബല്ലാപുരയിലാണ് ഈ വെയർഹൗസ് സ്ഥിതി ചെയ്യുന്നത്.

202526 സാമ്പത്തിക വർഷം ഒന്നാം പാദത്തോടെ പ്രവർത്തനക്ഷമമാകുന്ന ഈ പുതിയ വെയർഹൗസ് ഹോണ്ട കാർസ് ഇന്ത്യ, ഹോണ്ട മോട്ടോർസൈക്കിൾ & സ്കൂട്ടർ ഇന്ത്യ, ഹോണ്ട ഇന്ത്യ പവർ പ്രൊഡക്ട്സ് എന്നിവയുൾപ്പെടെ എല്ലാ ഹോണ്ടയുടെ ബിസിനസുകൾക്കുമുള്ള സ്പെയർ പാർട്സ് പ്രവർത്തനങ്ങളെ പിന്തുണയ്ക്കും.ആദ്യഘട്ടത്തിൽ, 25,000 ചതുരശ്ര മീറ്റർ വിസ്തീർണ്ണം ഉൾപ്പെടെ 60,000 ചതുരശ്ര മീറ്റർ പ്ലോട്ട് ഏരിയ വികസിപ്പിക്കും. ഹോണ്ട ഡീലർഷിപ്പുകളിൽ സ്പെയർ പാർട്സുകളുടെ വേഗത്തിലുള്ള ലഭ്യതയിലും മുഴുവൻ ഉപഭോക്തൃ സേവന അനുഭവം മെച്ചപ്പെടുത്തുന്നതിലും പുതിയവെയർ ഹൗസ് ഒരു പ്രധാന പങ്ക് വഹിക്കും. പുതിയവെയർ ഹൗസിന്റെ ആകെ വിസ്തീർണ്ണം 140,000 ചതുരശ്ര മീറ്ററാണ്.ഹോണ്ട കാർസ് ഇന്ത്യ ലിമിറ്റഡിന്റെ പ്രസിഡന്റും സിഇഒയുമായ തകുയ സുമുറ പറഞ്ഞു: "ഞങ്ങളുടെ പുതിയ സ്പെയർ പാർട്സ് വെയർഹൗസ് സൗകര്യം ബെംഗളൂരുവിൽ ആരംഭിക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. സ്പെയർ പാർട്സുകളുടെ സമയോചിതവും ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള ഞങ്ങളുടെ പ്രതിബദ്ധതയ്ക്ക് അനുസൃതമാണിത്. ഈ പുതിയ സൗകര്യം രാജ്യത്തിന്റെ തെക്കൻ മേഖലയിൽ ഞങ്ങളുടെ സ്പെയർ പാർട്സുകളുടെ പ്രവേശനക്ഷമത വർദ്ധിപ്പിക്കുക മാത്രമല്ല, വൈദ്യുതീകരണ കാലഘട്ടത്തിലെ ഭാവി ആവശ്യങ്ങൾക്ക് വഴിയൊരുക്കുകയും ചെയ്യും.'വെയർഹൗസ് വികസനത്തിന്റെ ആദ്യ ഘട്ടത്തിൽ കമ്പനി 25,000 ചതുരശ്ര മീറ്റർ കവർ ഏരിയ ഉപയോഗിക്കും. ശേഷിക്കുന്ന പ്രദേശങ്ങൾ ഭാവി ആവശ്യങ്ങൾക്കനുസരിച്ച് വികസിപ്പിക്കും. സുമിറ്റോമോ മിറ്റ്സുയി കൺസ്ട്രക്ഷൻ കമ്പനി (എസ്എംസിസി) ആണ് ഈ പദ്ധതി ഏറ്റെടുത്തിരിക്കുന്നത്.




# മഹീന്ദ്ര ബൊലേറോ നിയോ പ്ലസ് അവതരിപ്പിച്ചു

**കൊച്ചി:** ഇന്ത്യയിലെ മുൻനിര എസ്‌യുവി നിർമാതാക്കളായ മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡ് രണ്ട് വേരിയന്റുകളിൽ ബൊലേറോ നിയോ പ്ലസ് പുറത്തിറക്കി. ഡ്രൈവർ ഉൾപ്പെടെ 9 യാത്രക്കാരെ വരെ സുഖകരമായി ഉൾക്കൊള്ളുന്ന പുതിയ മോഡൽ പി4, പി10 വകഭേദങ്ങളിലാണ് വിപണിയിലെത്തുക. എൻട്രി ലെവൽ മോഡലാണ് പി4, പ്രീമിയം വേരിയന്റായിരിക്കും പി10. ബൊലേറോയുടെ മികവിനൊപ്പം നിയോയുടെ സ്റ്റൈലിഷ് ബോൾഡ് ഡിസൈനും പ്രീമിയം ഇന്റീരിയറുകളും സാങ്കേതികവിദ്യയും സംയോജിപ്പിച്ചാണ് ബൊലേറോ നിയോ പ്ലസ് എത്തുന്നത്. 11.39 ലക്ഷം രൂപയാണ് എക്സ്ഷോറൂം പ്രാരംഭ വില.

വലിയ കുടുംബങ്ങൾ, ഇൻസ്റ്റിറ്റ്യൂഷണൽ ഉപഭോക്താക്കൾ, ടൂർ ട്രാവൽ ഓപ്പറേറ്റർമാർ, കമ്പനികൾക്ക് വേണ്ടി വാഹനങ്ങൾ പാട്ടത്തിനെടുക്കുന്ന കരാറുകാർ എന്നിവർക്കുള്ള അനുയോജ്യമായ ഓപ്ഷനായിരിക്കും ഈ മോഡൽ. റിയർ വീൽഡ്രൈവ് കോൺഫിഗറേഷനിൽ 6 സ്പീഡ് ഗിയർബോക്സിനൊപ്പം പ്രശസ്തമായ 2.2 ലിറ്റർ എംഹോക്ക് ഡീസൽ എഞ്ചിൻ ബൊലേറോ നിയോ+ൽ സജ്ജീകരിച്ചിട്ടുണ്ട്. പ്രീമിയം ഇറ്റാലിയൻ ഇന്റീരിയറുകളാണ് മറ്റൊരു സവിശേഷത. ബ്ലൂടൂത്ത്, യുഎസ്ബി ആൻഡ് ഓക്സ് കണക്റ്റിവിറ്റിയുള്ള 22.8 സെന്റിമീറ്റർ ടച്ച് സ്ക്രീൻ ഇൻഫോടെയ്ൻമെന്റ് സിസ്റ്റത്തോടുകൂടിയ പ്രീമിയം ഫാബ്രിക്കും വാഹനത്തിന്റെ ഭംഗി കൂട്ടുന്നു. ഇന്ധനക്ഷമത വർധിപ്പിക്കുന്നതിന് മൈക്രോഹൈബ്രിഡ് സാങ്കേതികവിദ്യയും ബൊലേറോ നിയോ പ്ലസിലുണ്ട്. ബൊലേറോ നിയോ പ്ലസ് പി4 വേരിയന്റിന് 11.39 ലക്ഷം രൂപയും, ബൊലേറോ നിയോ പ്ലസ് പി10 വേരിയന്റിന് 12.49 ലക്ഷം രൂപയുമാണ് എക്സ്ഷോറൂം വില.

തുടർച്ചയായി പ്രതീക്ഷകൾക്കപ്പുറമുള്ള പ്രകടനം നൽകി, ബൊലേറോ ബ്രാൻഡ് വർഷങ്ങളായി ഞങ്ങളുടെ ഉപഭോക്താക്കൾക്ക് ദൃഢതയുടെയും വിശ്വാസ്യതയുടെയും മുഖമുദ്രയായി മാറിയിരിക്കുന്നുവെന്ന് മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡ് ഓട്ടോമോട്ടീവ് സെക്ടർ സിഇഒ നളിനികാന്ത് ഗൊല്ലഗുണ്ട പറഞ്ഞു.



കലൂർ പാവക്കുളം ശ്രീമഹാദേവക്ഷേത്രത്തിൽ ഏപ്രിൽ 23 വരെ നടക്കുന്ന പൗർണ്ണമിപ്പൊങ്കാല മഹോൽസവത്തിന് തുടക്കം കുറിച്ച് ക്ഷേത്രം മേൽശാന്തി ഏഴിക്കോട് കൃഷ്ണദാസ് നമ്പൂതിരി, ക്ഷേത്രം തന്ത്രി പുലിയന്നൂർ മന പ്രശാന്ത് നാരായണൻ നമ്പൂതിരിപ്പാട് എന്നിവരുടെ മുഖ്യകാർമ്മികത്വത്തിൽ നടന്ന കലവറനിറക്കൽ ചടങ്ങ്.

# പാവക്കുളത്ത് പൗർണ്ണമിപ്പൊങ്കാല: കാപ്പുകെട്ടലും കലവറ നിറയ്ക്കലും നടന്നു

**കൊച്ചി:** കലൂർ പാവക്കുളം ശ്രീമഹാദേവക്ഷേത്രത്തിൽ ഏപ്രിൽ 23 വരെ നടക്കുന്ന പൗർണ്ണമിപ്പൊങ്കാല മഹോൽസവത്തിനോടനുബന്ധിച്ചുള്ള കാപ്പുകെട്ടലും കലവറ നിറയ്ക്കലും നടന്നു. ക്ഷേത്രം മേൽശാന്തി ഏഴിക്കോട് കൃഷ്ണദാസ് നമ്പൂതിരി, ക്ഷേത്രം തന്ത്രി പുലിയന്നൂർ മന പ്രശാന്ത് നാരായണൻ നമ്പൂതിരിപ്പാട് എന്നിവർ മുഖ്യകാർമ്മികത്വം വഹിച്ചു. പച്ചക്കറിയും പലവ്യഞ്ജനങ്ങളും കയ്യിലേന്തി ഭക്തർ ക്ഷേത്രത്തിന് വലം വച്ചുകൊണ്ട് കലവറ നിറക്കൽ നടന്നു. ഇതിനു ശേഷം പൊങ്കാലക്കു തുടക്കം കുറിച്ചുള്ള കാപ്പു കെട്ടൽ ചടങ്ങ് നടന്നു. ഇന്ന് (17.04.24) രാവിലെ ഒമ്പതിന് ആയില്യം പൂജ, ഉച്ചയ്ക്ക് ഒന്നിന് അന്നദാനം, വൈകിട്ട് 6.30ന് ഭക്തിഗാനമേള എന്നിവ നടക്കും.

## ഇസാഫ് ബാങ്ക് റീജിയണൽ ഓഫീസ് കളമശ്ശേരിയിൽ

**കളമശ്ശേരി:** തൃശൂർ ആസ്ഥാനമായുള്ള ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്കിന്റെ റീജിയണൽ ഓഫീസ് കളമശ്ശേരിയിൽ എംഡിയും സിഇഒയുമായ കെ. പോൾ തോമസ് ഉദ്ഘാടനം ചെയ്തു. അതോടൊപ്പം ബാങ്കിങ് സേവനങ്ങൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായ് ബാങ്ക് ശാഖയും ആരംഭിച്ചു. ബാങ്ക് ശാഖയുടെ ഉദ്ഘാടനം രാജഗിരി പ്രൊവിൻഷ്യൽ സുപ്പീരിയർ ഫാദർ ബെന്നി നൽകര നിർവഹിച്ചു.

പുതിയ ശാഖയിൽ വ്യക്തിഗത ബാങ്കിങ്, ലോക്കർ സൗകര്യം, വിവിധ നിക്ഷേപ പദ്ധതികൾ, വായ്പ സേവനങ്ങൾ എന്നിവ ലഭ്യമാണ്. കളമശ്ശേരി നഗരസഭ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എ കെ നിഷാദ് എടിഎം കൗണ്ടർ ഉദ്ഘാടനം ചെയ്തു. മൈക്രോ ബാങ്കിങ് ഡിവിഷന്റെ ഉദ്ഘാടനം മാനെ കാൻകോർ ഇൻഗ്രീഡിയന്റ്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ സിഇഒ ഡോ. ജീമോൻ കോര നിർവഹിച്ചു. സേഫ് ഡിപ്പോസിറ്റ് ലോക്കറിന്റെ ഉദ്ഘാടനം വ്യാപാരി വ്യവസായി ഏകോപന സമിതി സൗത്ത് കളമശ്ശേരി പ്രസിഡന്റ് ജമാൽ നീരുങ്ങൽ നിർവഹിച്ചു. ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് അഡ്മിനിസ്ട്രേഷൻ ഹെഡ് ബോസ്കോ ജോസഫ് പ്രസംഗിച്ചു.ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് ഡയറക്ടേഴ്സ് ഡോ. വി എ ജോസഫ്, എം ജി അജയൻ, എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ടുമാരായ ജോർജ് തോമസ്, ഹരി വെള്ളൂർ, ഇസാഫ് അഗ്രോ കോ ഓപ്പറേറ്റീവ് ഡയറക്ടർ സി പി മോഹൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ക്രിസ്തുദാസ് കെ വി, ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ രാജേഷ് എസ്, ഇസാഫ് ബാങ്ക് ബ്രാഞ്ച് ബാങ്കിങ് ഹെഡ് രജീഷ് കളപ്പുരയിൽ, പ്രോഡക്റ്റ് ഹെഡ് ജോർജ് ഉമ്മൻ, മാർക്കറ്റിംഗ് ഹെഡ് ശ്രീകാന്ത് സി കെ, റീജിയണൽ ഹെഡ് പ്രദീപ് നായർ, ക്ലസ്റ്റർ ഹെഡ് അലക്സ് കരുവേലിൽ എന്നിവർ സംബന്ധിച്ചു.

## ഹുറൂൺ ഇന്ത്യ 2023ലെ സമ്പന്നരുടെ പട്ടിക പുറത്തിറക്കി

**കൊച്ചി:** ഹുറൂൺ ഇന്ത്യ 2023ലെ സമ്പന്നരുടെ പട്ടിക പുറത്തിറക്കി. 31 മലയാളികളാണ് ഹുറൂൺ ഇന്ത്യ പട്ടികയിൽ ഇടം നേടിയത്. ആദ്യ 100ൽ എം.എ. യൂസഫലി (ലുലു), എസ്. ഗോപാലകൃഷ്ണൻ (ഇൻഫോസിസ് ),ടി.എസ്. കല്യാണരാമൻ (കല്യാൺ ജൂവലേഴ്സ്),ജോയ് ആലുക്കാസ് (ജോയ് ആലുക്കാസ്),സണ്ണി വർക്കി (ജെംസ് എജുക്കേഷൻ) എന്നിവർ ഇടം പിടിച്ചു. 2024ലെ ഹുറൂൺ ആഗോള സമ്പന്നരുടെ പട്ടികയിൽ കേരളം ആസ്ഥാനമായി പ്രവർത്തിക്കുന്ന ജോയ് ആലുക്കാസ്, കല്യാൺ ജൂവലേഴ്സ് , വിഗാർഡ് ഇൻഡസ്ട്രീസ്, മുത്തൂറ്റ് ഫിനാൻസ്,മലബാർ ഗോൾഡ് എന്നീ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ട്.സമൂഹത്തിന് നൽകിയ നിസ്വാർഥ മാനുഷിക സംഭാവനകൾ പരിഗണിച്ച്, കേരളത്തിൽ നിന്ന് 10 വ്യക്തികൾ ഹുറൂൺ ഇന്ത്യ ഫിലാന്ത്രോപി ലിസ്റ്റ് 2023 ലും ഇടംപിടിച്ചു.

# ന്യൂറോ സർജറി മേഖലയിലെ നൂതന അറിവുകൾ പങ്കുവെക്കാൻ അവസരമൊരുക്കി ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:** ആസ്റ്റർ മെഡ്സിറ്റിയിലെ ന്യൂറോ സർജറി വിഭാഗത്തിന്റെ നേതൃത്വത്തിൽ 'ആസ്റ്റർ ന്യൂറോ സർജിക്കൽ അപ്ഡേറ്റ്' സംഘടിപ്പിക്കുന്നു. ഏപ്രിൽ 19, 20 തീയതികളിൽ കൊച്ചി ആസ്റ്റർ മെഡ്സിറ്റിയിലാണ് ന്യൂറോ സർജറിയുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര സമ്മേളനം നടക്കുക.

ന്യൂറോ സർജറി മേഖലയിലെ ആരോഗ്യ വിദഗ്ധർക്കും ഗവേഷകർക്കും ഒത്തുചേരാനും ഇതുമായി ബന്ധപ്പെട്ട അറിവുകൾ പങ്കുവക്കാനുമുള്ള അവസരമാണ് ഒരുങ്ങുന്നത്. ന്യൂറോ സർജറി മേഖലയിലെ ഏറ്റവും പുതിയ സംഭവവികാസങ്ങൾ, ശസ്ത്രക്രിയാ രീതികൾ, ചികിത്സകൾ തുടങ്ങി വിവിധ വിഷയങ്ങളെക്കുറിച്ച് സമഗ്രമായ ചർച്ചകളും പ്രസന്റേഷനുകളും അവതരിപ്പിക്കും. ആസ്റ്റർ ഗ്രൂപ്പിന് കീഴിലെ വിവിധ ആശുപത്രികളിൽ നിന്നുള്ള പ്രതിനിധികൾ ചർച്ചകൾക്ക് നേതൃത്വം നൽകും.പരിപാടിയോടനുബന്ധിച്ച് ആസ്റ്റർ മെഡ്സിറ്റി ആരംഭിച്ചിട്ട് 10 വർഷം തികയുന്ന സാഹചര്യത്തിൽ ആസ്റ്റർ ഇന്ത്യ വൈസ് പ്രസിഡന്റ് ഫർഹാൻ യാസിൻ, ആസ്റ്റർ ഇന്ത്യ സി.ഇ.ഒ ഡോ. നിതീഷ് ഷെട്ടി എന്നിവരുടെ നേതൃത്വത്തിൽ 'ആസ്റ്റർ മെഡ്സിറ്റിയുടെ ഭാവി കാഴ്ചപ്പാടുകൾ', 'അടുത്ത 10 വർഷത്തിൽ ആസ്റ്ററിന്റെ സ്ഥാനം എവിടെയായിരിക്കും?' തുടങ്ങിയ വിഷയങ്ങളിലും ചർച്ചകൾ സംഘടിപ്പിക്കും. ആസ്റ്റർ ന്യൂറോ സർജിക്കൽ അപ്ഡേറ്റിന് ആതിഥേയത്വം വഹിക്കുന്നതിനും ന്യൂറോ സർജറി മേഖലയിലെ വിപ്ലവകരമായ മുന്നേറ്റങ്ങളും അറിവുകളും പങ്കുവെക്കുന്നതിനായി വിദഗ്ധരെ ഒരുമിച്ച് കൊണ്ടുവരുന്നതിലും ഏറെ സന്തോഷമുണ്ടെന്ന് ആസ്റ്റർ മെഡ്സിറ്റിയിലെ ന്യൂറോ സർജറി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. ദിലീപ് പണിക്കർ പറഞ്ഞു.കേരളത്തിലെ ഏറ്റവും മികച്ചതും സുസജ്ജവുമായ ന്യൂറോ സർജറി വിഭാഗമാണ് ആസ്റ്റർ മെഡ്സിറ്റിയുടേത്. വിപുലമായ ന്യൂറോ സർജറി സേവനങ്ങൾ വാഗ്ദാനം ചെയ്യുന്ന ഈ വിഭാഗത്തിൽ കഴിഞ്ഞ പത്ത് വർഷത്തിനിടെ 12,000ത്തോളം ശസ്ത്രക്രിയകളാണ് നടത്തിയത്. 100ലധികം ഡീപ് ബ്രെയിൻ സ്റ്റിമുലേഷൻ ശസ്ത്രക്രിയകൾ, 500ഓളം എവേക് ബ്രെയിൻ ശസ്ത്രക്രിയകൾ, 1500ൽ പരം എൻഡോസ്കോപ്പിക് സ്കൾബേസ് ശസ്ത്രക്രിയകൾ, 3,500ൽ കൂടുതൽ മിനിമലി ഇൻവേസിവ് സ്പൈൻ ശസ്ത്രക്രിയകൾ, 50ഓളം മസ്തിഷ്ക ശസ്ത്രക്രിയകൾ എന്നിവ ഉൾപ്പെടുന്നു. ന്യൂറോസർജിക്കൽ ഡിസീസ് സ്പെക്ട്രത്തിന്റെ വിവിധ ശ്രേണികൾ കൈകാര്യം ചെയ്യുന്നതും ഈ വിഭാഗമാണ്. പത്താം വാർഷികത്തോടനുബന്ധിച്ച് വിവിധ മസ്തിഷക വൈകല്യങ്ങൾ പരിഹരിക്കുന്നതിനുള്ള നൂതന ചികിത്സാ മാർഗമായ ഗാമാ നൈഫ് സാങ്കേതിക വിദ്യ അവതരിപ്പിക്കാനൊരുങ്ങുകയാണ് ആസ്റ്റർ മെഡ്സിറ്റി. ട്യൂമറുകൾ, വാസ്കുലർ തകരാറുകൾ, പ്രവർത്തന വൈകല്യങ്ങൾ തുടങ്ങിയവയുടെ ചികിത്സക്കുള്ള ആധുനിക സാങ്കേതിക വിദ്യയായ ഗാമാ നൈഫ് റേഡിയോ സർജറി ഇന്ത്യയിൽ ആദ്യമായി കൊണ്ടുവരുന്നത് ആസ്റ്റർ മെഡ്സിറ്റിയിലാണ്.



# ഐസിഎഐ പുതിയ കെട്ടിടത്തിന്റെ നിർമ്മാണോദ്ഘാടനം

**കൊച്ചി:** ദി ഇൻസ്റ്റിറ്റിയുട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ എറണാകുളം ബ്രാഞ്ചിന്റെ പുതിയ കെട്ടിടത്തിന്റെനിർമ്മാണോദ്ഘാടനം നടന്നു. ഐസിഎഐ സെൻട്രൽ കൗൺസിൽ അംഗം ശ്രീപ്രിയ കുമാർ എറണാകുളം ബ്രാഞ്ച്ചെയർമാൻ എ. സലിം, എറണാകുളം ബ്രാഞ്ച് സ്ഥാപക സെക്രട്ടറി വേണുഗോപാൽ സി ഗോവിന്ദ്, മുൻ സെൻട്രൽ കൗൺസിൽ അംഗങ്ങളായ എം.സി ജോസഫ്, ബാബു എബ്രഹാം കള്ളിവയലിൽ, മുൻ റീജിയണൽ കൌൺസിൽ ചെയർമാൻജോമോൻ കെ ജോർജ്, എറണാകുളം ബ്രാഞ്ച് കമ്മിറ്റി അംഗങ്ങൾ, മുൻ ചെയർമാൻമാർ എന്നിവർ പങ്കെടുത്തു.

# പത്തു കോടി ഹരിത കിലോമീറ്ററുകൾ പിന്നിട്ട് ടാറ്റാ പവറിന്റെ വൈദ്യുത വാഹന ചാർജിങ് ശൃംഖല

**കൊച്ചി:** വൈദ്യുത വാഹന ചാർജിങ് സേവന ദാതാക്കളായ ടാറ്റാ പവർ പത്തു കോടി ഹരിത കിലോമീറ്ററുകൾക്ക് ചാർജിങ് ലഭ്യമാക്കിയ ആദ്യ വൈദ്യുത വാഹന ചാർജിങ് സേവന ദാതാവെന്ന നേട്ടം കൈവരിച്ചു. ഇന്ത്യയിലെ പബ്ലിക്, സെമിപബ്ലിക്, ബസ്/ഫ്ളീറ്റ്, ഭവന ചാർജിങ് മേഖലകളിലായാണ് ഈ നേട്ടം കൈവരിച്ചത്. ഈസി ചാർജ് എന്ന പേരിലുള്ള ടാറ്റാ പവറിന്റെ ശൃംഖല രാജ്യത്തെ 530 നഗരങ്ങളിലും പട്ടണങ്ങളിലുമായി 86,000 ത്തിൽ അധികം ഭവന ചാർജറുകളും 5300 ൽ ഏറെ പബ്ലിക്, സെമി പബ്ലിക്, ഫ്ളീറ്റ് ചാർജിങ് പോയിന്റുകളും 850 ൽ ഏറെ ബസ് ചാർജിങ് സ്റ്റേഷനുകളുമാണ് സ്ഥാപിച്ചിട്ടുള്ളത്.




ദേശീയപാതകൾ, ഹോട്ടലുകൾ, മാളുകൾ, ആശുപത്രികൾ, ഓഫിസുകൾ, ഭവന സമുച്ചയങ്ങൾ എന്നിങ്ങനെ വൈവിധ്യമാർന്നതും സൗകര്യപ്രദമായതുമായ കേന്ദ്രങ്ങളിലാണു ഈ ചാർജിംഗ് പോയന്റുകൾ സ്ഥാപിച്ചിട്ടുള്ളത്.

ഇന്ത്യയിലെ വൈദ്യുത വാഹന വിൽപന 2030ഓടെ ഒരു കോടിയിലെത്തുമെന്നാണ് കണക്കാക്കുന്നത്. വൈദ്യുത വാഹനങ്ങൾക്കും വൈദ്യുത ചാർജിങ് സംവിധാനങ്ങൾക്കും ആവശ്യം വർധിക്കുന്ന സാഹചര്യത്തിൽ ടാറ്റാ പവർ ഉപഭോക്താക്കളെ കേന്ദ്രീകരിച്ചുള്ള ആർഎഫ്ഐഡി കാർഡ് പോലുള്ള സൗകര്യങ്ങൾ വഴി വയർലെസ് പെയ്മെന്റും ലഭ്യമാക്കുന്നുണ്ട്.

